## പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3363 — 9/04/2013 - ൽ മറുപടിയ്ക്ക്

### 2008 ലെ നീർത്തട തണ്ണീർത്തട നിയമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മോൻസ് ജോസഫ് | ശ്രീ. കെ.പി. മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| എ) 2008 ലെ നീർത്തട തണ്ണീർത്തട നിയമമനുസരിച്ച് 5 സെന്റ് ഭൂമി നികത്തി വീടുവയ്ക്കുന്നതിന് തിരുവനന്തപുരം ജില്ലയിൽ ആർ.ടി.ഒ ചെയർമാനായ ജില്ലാതല സമിതി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ആരൊക്കെയാണ് ഇതിലെ അംഗങ്ങൾ; ഈ സമിതി രൂപീകരിച്ചിട്ടില്ലെങ്കിൽ എന്ന് രൂപീകരിക്കും എന്നു വ്യക്തമാക്കുമോ; | (എ) ഉണ്ട്.<br>സമിതി അംഗങ്ങൾ<br>ആർ.ഡി.ഒ - ചെയർമാൻ<br>പ്രിൻസിപ്പൽ കൃഷി ഓഫീസർ - കൺവീനർ<br>അഡ്വ.ജെ.വേണുഗോപാലൻ നായർ - മെമ്പർ<br>ശ്രീ.ജി. തുളസീധരൻ പിള്ള - മെമ്പർ<br><br>18/12/2009ൽ രൂപീകരിച്ച സമിതിയുടെ 3 വർഷ കാലാവധി പൂർത്തിയായി. പുതിയ കമ്മിറ്റി രൂപീകരിക്കുന്നതിന് ജില്ലാ കളക്ടർ നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) ഈ സമിതിയുടെ യോഗം കഴിഞ്ഞ മൂന്നുമാസമായി കൂടുന്നില്ല എന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) കൂടിയിട്ടില്ല. ജനകീയാസൂത്രണ പദ്ധതിയുടെയും 12-ാം പഞ്ചവൽസരപദ്ധതി തയ്യാറാക്കുന്ന തിരക്കും മറ്റു സർക്കാർ പദ്ധതികൾ പൂർത്തിയാക്കുന്ന തിരക്കും കാരണം കമ്മിറ്റി കൂടിയില്ല. |

| | | | |
|---|---|---|---|
| (സി) | ഈ സമിതിയുടെ പരിഗണനയ്ക്ക് മാർച്ച് 30 വരെ എത്ര അപേക്ഷകൾ ജില്ലാ കൃഷി ഓഫീസറുടെ ഓഫീസിൽ കെട്ടിക്കിടക്കുന്നു എന്ന് വ്യക്തമാക്കാമോ; | (സി) | 20 അപേക്ഷകൾ. |
| (ഡി) | ജില്ലാതല സമിതിയുടെ അടുത്ത മീറ്റിംഗ് എന്നാണെന്ന് വ്യക്തമാക്കാമോ; ഇതിൽ ഇപ്പോൾ തീർപ്പാക്കാതെ കിടക്കുന്ന അപേക്ഷകൾ മുഴുവൻ സമർപ്പിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ഡി) | 26/04/2013-ൽ കൂടുന്നതാണ്. തീർപ്പാക്കാതെ കിടക്കുന്ന എല്ലാ അപേക്ഷകളും സമർപ്പിക്കും. |

സെക്ഷൻ ഓഫീസർ